# ദർശൻ 2025

## അക്കാദമിക മാസ്റ്റർ പ്ലാൻ

**ആമുഖം**


അടിസ്ഥാന വിവരങ്ങൾ

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ലഘു ചരിത്രം

വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

പദ്ധതി രൂപീകരണ പ്രക്രിയ -വിവിധ ഘട്ടങ്ങൾ

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

പദ്ധതി വിശദാംശങ്ങൾ

പ്രതീക്ഷിത നേട്ടങ്ങൾ

മോണിറ്ററിംഗ്


**അടിസ്ഥാന വിവരങ്ങൾ**

1. വിദ്യാലയത്തിന്റെ പേര്: ഫാറ്റിമ എൽ പി സ്കൂൾ ആനപ്പാറ പി. ഒ. ആനപ്പാറ, എറണാകുളം പിൻ: 683 581 ഫോൺ:9846949425
2. സ്കൂൾ കോഡ് :25419
3. വിദ്യാഭ്യാസ ഉപജില്ല :അങ്കമാലി
4. വിദ്യാഭ്യാസ ജില്ല: എറണാകുളം
5. ബി ആർ സി: അങ്കമാലി
6. സി ആർ സി :നടുവട്ടം
7. ഗ്രാമപഞ്ചായത്ത്: തുറവൂർ
8. ബ്ലോക്ക് പഞ്ചായത്ത് :അങ്കമാലി
9. ജില്ലാ പഞ്ചായത്ത് :എറണാകുളം
10. നിയമസഭാമണ്ഡലം: അങ്കമാലി
11. ലോകസഭാ മണ്ഡലം: ചാലക്കുടി
12. വില്ലേജ് :തുറവൂർ 13. ഇമെയിൽ : anapparafatimalps@gmail.com

**ലക്ഷ്യങ്ങൾ**

വ്യക്തമായ പദ്ധതികളും ഇച്ഛാശക്തിയും ഒരുമിക്കുന്നിടത്ത് ലക്ഷ്യപ്രാപ്തി സുനിശ്ചിതമാണ്. ആയതിനാൽ ഒരു വ്യക്തി എന്ന നിലയിൽ കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു ഉതകുന്ന അക്കാദമിക പ്രവർത്തനങ്ങളും ഭൗതിക സൗകര്യങ്ങളും ഞങ്ങൾ സ്വപ്നം കാണുകയും 'ദർശൻ 2025 'എന്ന് നാമകരണം ചെയ്തു സമയബന്ധിതമായ പദ്ധതിയായി ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു. ലക്ഷ്യങ്ങൾ വിശദമായി

1. തികച്ചും സ്വതന്ത്രവും ജനാധിപത്യ മൂല്യങ്ങൾ ഉൾച്ചേർന്നതുമായ സൗജന്യ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പാക്കുക.

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘവീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. ഒന്നു മുതൽ നാലു വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുശ്രുതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവസമായ ബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. ക്ലബ്ബ് പ്രവർത്തനങ്ങൾ വഴി ഗവേഷണാത്മക പഠനത്തിൽ മികവ് പുലർത്തുന്നതിന്.

5. അധ്യാപന അധ്യയന പ്രവർത്തനങ്ങൾ സർഗാത്മകവും രസകരവുമാക്കി വ്യക്തിത്വവികസനം നേടുന്നതിന്.

6. മികവ് പ്രവർത്തനങ്ങളിലൂടെ പൊതു വിദ്യാലയത്തിന്റെ മുഖച്ഛായ മാറ്റുന്നതിന്.

**ആമുഖം**

പച്ചപ്പാർന്ന കുന്നിൻ ചെരുവുകളും തലയെടുപ്പുള്ള പാറക്കെട്ടുകളും നിറഞ്ഞ പ്രകൃതിരമണീയമായ ആനപ്പാറ ഗ്രാമത്തിന്റെ നെറുകയിൽ, ആത്മീയ ആചാര്യന്മാരുടെയും, നാടിന്റെ വരും തലമുറയ്ക്കായി സ്വപ്നം കണ്ട പൂർവികരുടെയും സ്വപ്ന സാക്ഷാത്കാരമായി 1964 ൽ പിറവിയെടുത്ത ആനപ്പാറ ഫാത്തിമ എൽ പി എസ് തന്റെ അക്ഷരഖനിയിൽ നിന്നും ശുദ്ധീകരിച്ച് എടുത്ത ഈ നാടിന്റെ ഉയർച്ചയുടെ കഥ പറയുന്നു. അക്ഷരജ്ഞാനവും ഈശ്വര വിശ്വാസവും ഒരേ തണ്ടിൽ വിരിയുന്ന പൂക്കൾ ആയതിനാൽ നാട്ടിലെ കാരണവന്മാർ പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ആശയം സ്വാർത്ഥകമാക്കി.

വിദൂരങ്ങളിൽ പോയി പഠിച്ചുകൊണ്ടിരുന്ന മക്കളെ തങ്ങളുടെ കൺവെട്ടത്തുള്ള ഗുരു ഭൂതരുടെ കരവലയങ്ങളിൽ ഏൽപ്പിക്കുകയായിരുന്നു.

**വിദ്യാലയത്തിന്റെ ചരിത്രം**

സമയാസമയങ്ങളിൽ കാലോചിതമായ മാറ്റത്തിലൂടെ അക്കാദമിക സൗകര്യങ്ങളോടെ ഫാത്തിമയെ അണിയിച്ചൊരുക്കുകയായിരുന്നു ഇതിന്റെ സാരഥികൾ.കൂട്ടായ ചിന്തയുടെയും വ്യക്തമായ പദ്ധതിയുടെയും കർമ്മോത്സുകമായ പ്രവർത്തന ചാരുതയുടെയും അകമ്പടിയോടെ ഫാറ്റിമ ജൈത്രയാത്ര തുടങ്ങുമ്പോൾ നൂതന പഠന തന്ത്രങ്ങളും സാമഗ്രികളും ആധുനികരിച്ച ക്ലാസ് മുറികളും കുട്ടികളുടെ സർവ്വതോൻമുഖമായ വളർച്ചയ്ക്കു ഉതകുന്ന മാറ്റങ്ങളും അനിവാര്യമാണെന്നതിനാൽ വീണ്ടും കർമ്മ പദ്ധതികൾക്കായി ഞങ്ങൾ കൈകോർക്കുകയാണ്

ജന്മനാട്ടിൽ ഒരു വിദ്യാലയം എന്ന സ്വപ്നം പൂവണിഞ്ഞത് 1964 ജൂണിൽ ആണ്. രണ്ട് ക്ലാസ് മുറികളിൽ പല പ്രായത്തിലുള്ളവർ ഒന്നാംതരത്തിലും രണ്ടാം തരത്തിലും പഠിച്ച കാലം. അന്നത്തെ ആനപ്പാറ പള്ളി വികാരി ആയിരുന്ന ബഹുമാനപ്പെട്ട ജോസഫ് ചിറമേൽ അച്ചന്റെ ദീർഘവീക്ഷണത്തിൽ കർമ്മനിരതയായ പ്രധാന അധ്യാപിക സിസ്റ്റർ സ്റ്റാനിയുടെ നേതൃത്വത്തിൽ വളർന്ന സ്കൂൾ കാലാന്തരത്തിൽ ഈ ദേശത്തിന്റെ തന്നെ അക്ഷര കലവറയായി മാറി.

വൈവിധ്യാധിഷ്ഠിത പഠനത്തോടൊപ്പം കല കായിക പ്രവർത്തി പരിചയമേളകളിൽ ജില്ലാ ഉപജില്ലാതലത്തിൽ മാറ്റുരയ്ക്കുന്ന ഈ വിദ്യാലയം അങ്കമാലി ഉപജില്ലയുടെ അവിഭാജ്യ ഘടകം എന്നതിൽ രണ്ട് പക്ഷമില്ല. ഇതിന് തെളിവാണല്ലോ തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ തലയെടുപ്പോടെ നിലനിൽക്കുന്ന വിദ്യാലയം എന്ന പദവിയും. നവീകരിച്ച ക്ലാസ് മുറികളും ജൈവപാർക്കും മാലിന്യ സംസ്കരണ പാർക്കും വയോഗ്യാസം പോഷകമൂല്യമുള്ള പ്രഭാത ഉച്ചഭക്ഷണ പരിപാടികളും കിഡ്സ് പാർക്കും നവീകരിച്ച ക്ലാസ് റൂമുകളും ഈ വിദ്യാലയത്തിന്റെ പടിപടിയായുള്ള മികവുകളാണ്. ആതുരരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർസ് ബയോ ടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയവർ നിയമ വിദഗ്ധർ ലോകത്തിന്റെ നാനാഭാഗത്തും സേവനം ചെയ്യുന്ന ആത്മചാര്യന്മാർ എന്നിവർ ഈ വിദ്യാലയത്തിന്റെ പൂർവ്വ വിദ്യാർത്ഥികൾ ആണ്.